# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.10.2025**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് ഇന്ന് എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്; എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള തീരത്ത് ബുധനാഴ്ചവരെ മത്സ്യബന്ധനത്തിന് വിലക്ക്.

2. മഴക്കെടുതി സംബന്ധിച്ച് ജില്ലാ കളക്ടർമാരുമായി ആശയ വിനിമയം നടത്തിയതായി റവന്യൂ മന്ത്രി കെ രാജൻ.

3. കൊച്ചി ഇൻഫോപാർക്കിന്റെ നാലാം ഘട്ട വികസനത്തിനായി 33.5 ഏക്കർ ഭൂമി കൈമാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. പി.എം ശ്രീ പദ്ധതിയിൽ ചേരുന്നതിനുള്ള ആലോചനയുമായി സംസ്ഥാന സർക്കാർ. കേന്ദ്ര ഫണ്ട് എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന് വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടി.

5. ദീപാവലി ആഘോഷിക്കാനുള്ള ഒരുക്കങ്ങളുമായി നാടും നഗരവും; അയോധ്യയിൽ ഇന്ന് വൈകിട്ട് ദീപോത്സവം.

RNUTVPM

6. മഴ മൂലം നിർത്തി വച്ച ഇന്ത്യ-ഓസ്ട്രേലിയ ഏകദിന പരമ്പയിലെ ആദ്യ മത്സരം പുനരാരംഭിച്ചു.

**&&&&&&&&&&&&&&&&**

<u>മഴ- കേരളം</u>

സംസ്ഥാനത്ത് കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്. വിവിധ അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തിയതിനാൽ നദീ തീരങ്ങളിലുള്ളവർക്ക് ജാഗ്രതാ നിർദ്ദേശമുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള, കർണാടക ലക്ഷദ്വീപ്, തീരങ്ങളിൽ ബുധനാഴ്ചവരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

PNU TVPM

**&&&&&&&&&&&&&&&&**

<u>റവന്യൂ മന്ത്രി- ഇൻട്രോ</u>

സംസ്ഥാനത്തെ മഴക്കെടുതി സംബന്ധിച്ച് ജില്ലാ കളക്ടർമാരുമായി ആശയ വിനിമയം നടത്തിയതായി റവന്യൂ മന്ത്രി കെ രാജൻ. മഴ രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ വരുന്ന ഒരാഴ്ച പൊതുജനങ്ങളും അധികൃതരും ശക്തമായ ജാഗ്രത പുലർത്തണമെന്നും മന്ത്രി പറഞ്ഞു.

( വോയിസ്...... കെ രാജൻ)

**&&&&&&&&&&&&&&&&**

ഇടുക്കി മഴ -ഇൻട്രോ

ഇടുക്കി മുല്ലപ്പെരിയാർ ഡാമിൽ നിന്നും കൂടുതൽ പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയതോടെ പെരിയാറിൽ ജലനിരപ്പ് ഉയർന്നു. നിറഞ്ഞൊഴുകുന്ന പെരിയാറിൻ്റെ ഇരുകരകളിലുമുള്ള വീടുകളിൽ വെള്ളം കയറി. ഓറഞ്ച് മുന്നറിയിപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ജില്ലയിൽ കനത്ത ജാഗ്രതയാണ് എർപ്പെടുത്തിയിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

**(വോയിസ്)**

**&&&&&&&&&&&&&&&&**

RNU TVPM

മുഖ്യമന്ത്രി- ഇൻഫോ പാർക്ക്

കൊച്ചി ഇൻഫോപാർക്കിന്റെ നാലാം ഘട്ട വികസനത്തിനായി 33.5 ഏക്കർ ഭൂമി കൈമാറാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇരുമ്പനത്തുള്ള ട്രാക്കോ കേബിൾ കമ്പനിയുടെ ഭൂമിയാണ് 200 കോടി രൂപയ്ക്ക് ഇൻഫോപാർക്കിന് കൈമാറുക. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമെന്ന നിലയിൽ കൊച്ചിയുടെ സ്ഥാനം ശക്തമാക്കുന്നതിൽ ഐ.ടി. ടൗൺഷിപ്പ് വികസനം നിർണ്ണായക പങ്ക് വഹിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതുവഴി 3000 കോടി രൂപയുടെ നേരിട്ടുള്ള നിക്ഷേപം ആകർഷിക്കാനും 50,000 നേരിട്ടുള്ള ഐ.ടി. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&**

കണ്ണൂർ -ഇൻട്രോ

സംസ്ഥാന ചല ച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽ നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും. വൈകിട്ട് മന്ത്രി ഒ. ആർ.കേളു സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയിസ്)

**&&&&&&&&&&&&&&&&**

<u>പി എം ശ്രീ</u>

പി.എം ശ്രീ പദ്ധതിയിൽ ചേരുന്നതിനുള്ള ആലോചനയുമായി സംസ്ഥാന സർക്കാർ. കേന്ദ്ര ഫണ്ട് എല്ലാവർക്കും അവകാശപ്പെട്ടതാണെന്നും, 1,466 കോടി രൂപ പാഴാക്കേണ്ടതില്ലെന്നും മന്ത്രി ശിവൻകുട്ടി പറഞ്ഞു. വിഷയത്തിൽ കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രിയുമായി അടുത്തയാഴ്ച കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. സിപിഐയുടെ എതിർപ്പിനെ തുടർന്നാണ് തീരുമാനം വൈകിയത്.

RNU TVPM

**&&&&&&&&&&&&&&&&**

<u>യാനം ലിറ്ററി ഫെസ്റ്റ്</u>

സംസ്ഥാന ടൂറിസം വകുപ്പ് വർക്കലയിൽ സംഘടിപ്പിക്കുന്ന 'യാനം' ട്രാവൽ-ലിറ്ററി ഫെസ്റ്റിവെലിൻറെ ആദ്യ പതിപ്പിന് ഇന്ന് സമാപനം. ബുക്കർ സമ്മാന ജേതാവ് ഷെഹാൻ കരുണതിലക, ഗ്രാഷ്യൻ അവാർഡ് നേടിയ ശ്രീലങ്കൻ എഴുത്തുകാരൻ ആൻഡ്രൂ ഫിഡൽ ഫെർണാണ്ടോ, മലയാള

സാഹിത്യ പ്രവർത്തകർ തുടങ്ങി നിരവധിപേർ മൂന്ന് ദിവസത്തെ പരിപാടിയിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&&**

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

**&&&&&&&&&&&&&&&&**

## രാഷ്ട്രപതി കേരളാ സന്ദർശനം

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ചൊവ്വാഴ്ച കേരളത്തിലെത്തും. 22 നാണ് ശബരിമല ദർശനം. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

**&&&&&&&&&&&&&&&&**

RNU TVPM

## അയോദ്ധ്യ ദീപോത്സവം

അയോധ്യയിൽ 9 മത് വാർഷിക ദീപോത്സവചടങ്ങുകൾ ഇന്ന് വൈകിട്ട് നടക്കും. പുതിയ ലോക റെക്കോർഡ് ലക്ഷ്യമിട്ട് 33 ആയിരം സന്നദ്ധപ്രവർത്തകർ ചേർന്ന് 26 ലക്ഷത്തി 11,101 വിളക്കുകൾ തെളിയിക്കാനാണ് ലക്ഷ്യമിടുന്നത്. രാമായണത്തിലെ രംഗങ്ങൾ പ്രദർശിപ്പിക്കുന്ന ഡ്രോൺ ഷോ, 3D ഹോളോഗ്രാഫിക് ലേസർ ഷോ എന്നിവയും നടക്കും. ഭഗവാൻ ശ്രീരാമന്റെ തിരിച്ചുവരവിന്റെ ആഘോഷമായാണ് ദീപോത്സവം നടത്തുന്നത്.

**&&&&&&&&&&&&&&&&**

## ദീപാവലി - വിപണി (ഇൻട്രോ)

നാളെ ദീപാവലി. ദീപങ്ങളുടെ ഉത്സവം ആഘോഷിക്കാനൊരുങ്ങി നാടും നഗരവും. തിന്മയുടെ മേൽ നന്മയും അജ്ഞതയുടെ മേൽ അറിവും നേടിയ വിജയത്തെയുമാണ് ഈ ഉത്സവത്തിലൂടെ ആഘോഷിക്കുന്നത്. സമ്പത്തിൻറെയും സമൃദ്ധിയുടെയും ഉത്സവം കൂടിയാണ് ദീപാവലി. ആഘോഷങ്ങളുടെ ആരംഭം കുറിക്കുന്ന ധന ത്രയോദശിയിൽ സ്വർണ വിപണിയ്ക്കും മാറ്റേറും. ദീപാവലി ആഘോഷങ്ങൾക്കായി തലസ്ഥാനമായ തിരുവനന്തപുരം ജില്ല ഒരുങ്ങിക്കഴിഞ്ഞു. പടക്കങ്ങളും മധുര പലഹാരങ്ങളും വാങ്ങുന്നതിന് കടകളിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ടിലേയ്ക്ക്....**

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&

<u>ദീപാവലി - നിയന്ത്രണം</u>

സംസ്ഥാനത്ത് പരിസര മലിനീകരണം പരമാവധി ഒഴിവാക്കി ദീപാവലി ആഘോഷിക്കണമെന്ന് ശുചിത്വ മിഷനും മലിനീകരണ നിയന്ത്രണ ബോർഡും നിർദേശിച്ചു. ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ നിശബ്ദ മേഖലകളുടെ 100 മീറ്ററിനുള്ളിൽ ശബ്ദം ഉണ്ടാക്കുന്ന പടക്കങ്ങൾ ഉപയോഗിക്കരുത്. രാത്രി എട്ടു മുതൽ പത്തു മണി വരെയുള്ള സമയത്ത് മാത്രമേ പടക്കങ്ങൾ പൊട്ടിക്കാവൂ എന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&

RNU TVPM

<u>ഗോയൽ- ജിഎസ്ടി</u>

നവരാത്രി സീസണിൽ വാഹനങ്ങളുടെയും ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെയും വിൽപ്പന കുതിച്ചുയർന്നതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇലക്ട്രോണിക്സ് വിൽപ്പനയിൽ 25 ശതമാനം വർധനവുനടയി. ആഗോള അസ്ഥിരതയ്ക്കിടയിലും രാജ്യത്തിന്റെ വളർച്ചാ അനുമാനം 6.6 ശതമാനമായി IMF പരിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

<u>ജിഎസ്ടി (ഇൻട്രോ)</u>

സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ വന്ന ജിഎസ്ടി ഘടനാ പരിഷ്കരണം ഉപഭോക്താക്കൾക്ക് ഏറെ ഗുണകരമാണെന്ന്

നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് സച്ചിൻ സൂര്യദേവ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്.... )

**&&&&&&&&&&&&&&&&&&**

<u>ക്രിക്കറ്റ്</u>

മഴ മൂലം നിർത്തി വച്ച ഇന്ത്യ-ഓസ്ട്രേലിയ ഏകദിന പരമ്പയിലെ ആദ്യ മത്സരം പുനരാരംഭിച്ചു. നേരത്തെ ടോസ് നേടിയ ഓസ്ട്രേലിയ ഫീൽഡിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 46 റൺസെന്ന നിലയിലാണ്. രോഹിത് ശർമ, വിരാട് കോലി, ശുഭ്മാൻ ഗിൽ, ശ്രേയസ്സ് അയ്യർ എന്നിവരുടെ വിക്കറ്റുകളാണ് ഇന്ത്യക്ക് നഷ്ടമായത്.

PNU TVPM

**&&&&&&&&&&&&&&&&&&**

<u>വനിതാ ക്രിക്കറ്റ്</u>

ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. മധ്യപ്രദേശിലെ ഇൻഡോറിൽ ഉച്ചകഴിഞ്ഞ് 3 മണിക്കാണ് മത്സരം.

**&&&&&&&&&&&&&&&&&&**

<u>കഴക്കൂട്ടം- അറസ്റ്റ്</u>

കഴക്കൂട്ടത്തെ ഹോസ്റ്റലിൽ കയറി യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട്ടിൽ നിന്നാണ് പ്രതിയെ പിടികൂടിയത്. തമിഴനാട് സ്വദേശിയായ ലോറി ഡ്രൈവറെയാണ് അറസ്റ്റ് ചെയ്തത്. അതേ സമയം പൊലീസ് കൂടുതൽ വിവരങ്ങൾ പുറത്ത് വിട്ടിട്ടില്ല. തിരിച്ചറിയൽ പരേഡിനും ചോദ്യം ചെയ്യലിനും ശേഷമായിരിക്കും തുടർ നടപടികൾ പൊലീസ് സ്വീകരിക്കുക.

&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM